(ഡി) പ്രസ്തുത ഒഴിവുകളെല്ലാംതന്നെ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി

117 (567) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2011 വരെ കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ ജില്ലയിലെ മൊകേരി പഞ്ചായത്തിൽ ആച്ചിലാട്ട്താഴെ പുഞ്ചക്കമാനം തോടിലെ മാക്കൂൽപീടിക നടക്കകത്ത് താഴവയൽമുതൽ വാച്ചാലിപ്പീടിക കുറുങ്ങോട് വാസു കൃഷിവയൽവരെ തോട് സംരക്ഷിക്കാൻ വേണ്ടി കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്താൻ അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയുടെ പുരോഗതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) മൊകേരി പഞ്ചായത്തിലെ ആച്ചിലാട്ട് താഴെ പുഞ്ചക്കമാനം തോടിന്റെ സംരക്ഷണ പ്രവൃത്തികൾക്കായുള്ള ഭരണാനുമതിക്കുവേണ്ടി 3.20 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് കണ്ണൂർ കാഡ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കാഡാ അഡ്മിനിസ്ട്രേറ്റർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.ഐ.പി. കനാലിന്റെ അറ്റകുറ്റപ്പണികൾ

118 (568) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ഐ.പി. കനാലിന്റെ ഈ വർഷത്തെ അറ്റകുറ്റപ്പണികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) വേനൽക്കാലത്ത് എന്നുമുതൽ കനാൽ തുറക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) വലത്-ഇടത് കര കനാലുകൾക്ക് പ്രത്യേക ചുമതലക്കാർ ഉണ്ടോ ; എങ്കിൽ ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥരാണ് പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly